**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 547** **05-10-2021 - ൽ മറുപടിയ്ക്ക്**

**നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ 2018, 2019, 2020 എന്നീ വർഷങ്ങളിൽ കേരളത്തിന്റെ സ്ഥാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യ (Sustainable Development Goal) സൂചിക പ്രകാരം കേരളം കഴിഞ്ഞ മൂന്നു വർഷങ്ങളിലും (2018, 2019 & 2020) ഒന്നാം സ്ഥാനത്താണ്. |
| (ബി) | ടി സൂചികയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഐക്യരാഷ്ട്ര സംഘടന നിർദേശിച്ചിട്ടുള്ള 17 മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ സൂചിക തയ്യാറാക്കിയിട്ടുള്ളത്. ദാരിദ്ര്യമില്ലായ്മ; ഭക്ഷണദൗർലഭ്യമില്ലായ്മ; ആരോഗ്യക്ഷേമം; വിദ്യാഭ്യാസ ഗുണമേന്മ; ലിംഗ സമത്വം; ശുദ്ധജലവും ശുചിത്വവും; ഊർജ്ജ ലഭ്യത; മാന്യമായ തൊഴിൽ ലഭ്യതയും സാമ്പത്തിക വളർച്ചയും; വ്യവസായവും, നൂതന സംമ്പ്രദായങ്ങളും അടിസ്ഥാനസൗകര്യവും; കുറഞ്ഞ അസമത്വങ്ങൾ; സുസ്ഥിര നഗരങ്ങളും കമ്യൂണിറ്റിയും; ഉത്തരവാദിത്വ നിർമ്മാണവും ഉപയോഗവും; കാലാവസ്ഥാ പ്രവർത്തനം; ജല സ്രോതസ്സുകളുടെ സംരക്ഷണം; വനം ഉൾപ്പെടെയുള്ള വിവിധ ഭൗമ ആവാസവ്യവസ്ഥകളുടെ സംരക്ഷണം; സാമൂഹ്യ നീതിയും സമാധാനവും; സുസ്ഥിര വികസനത്തിനായുള്ള ആഗോള പങ്കാളിത്തങ്ങൾ എന്നിവയാണ് മേൽപ്പറഞ്ഞ 17 മാനദണ്ഡങ്ങൾ. |
| (സി) | വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാംങ്കിംഗ് നിശ്ചയിക്കുന്നത് ആരാണ്; എന്തൊക്കെയാണ് ഇതിന്റെ മാനദണ്ഡങ്ങളെന്ന് വിശദമാക്കുമോ; | (സി) | കേന്ദ്ര സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിലുള്ള ഡിപ്പാർട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) എന്ന സ്ഥാപനമാണ് സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സി' ന്റെ അടിസ്ഥാനത്തിൽ റാങ്കിങ് നടത്തി പട്ടിക തയ്യാറാക്കുന്നത്. വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള എളുപ്പം, കെട്ടിട നിർമ്മാണത്തിനുള്ള അനുമതികൾ ലഭ്യമാക്കുന്നതിനുള്ള വേഗത, വസ്തു രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനുള്ള എളുപ്പം, അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യത, വ്യവസായ സ്ഥാപനങ്ങളിലെ വകുപ്പുതല പരിശോധനകളുടെ സുതാര്യത, തൊഴിൽ നിയമങ്ങളുടെ പാലനം തുടങ്ങിയ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് ' പട്ടിക തയ്യാറാക്കുന്നത് . സംരംഭകരുടെ ഇടയിൽ DPIIT നടത്തിയ സർവ്വേ അടിസ്ഥാനപ്പെടുത്തി മാത്രമാണ് കഴിഞ്ഞ വർഷം റാങ്കിംഗ് നടത്തിയത്. |
| (ഡി) | പ്രസ്തുത മാനദണ്ഡങ്ങൾ സംബന്ധിച്ച് കേരളം എന്തെങ്കിലും വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | ഉണ്ട്. 'ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ' (BRAP) എന്ന ഒറ്റ അളവുകോൽ വെച്ച് എല്ലാ സംസ്ഥാനങ്ങളുടെയും നിക്ഷേപ അന്തരീക്ഷം ഒരേപോലെ അളക്കുന്നതിലെ പാളിച്ചകളും അപ്രായോഗികതയും കേരളം നിരവധി തവണ കേന്ദ്ര സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി)-ന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമിശാസ്ത്രപരവും ജനസംഖ്യ അധിഷ്ഠിതവും പാരിസ്ഥിതികവുമായ ആവാസവ്യവസ്ഥയിൽ നിന്ന് വ്യത്യസ്ത വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനങ്ങളെ/ കേന്ദ്രഭരണ പ്രദേശങ്ങളെ ഒറ്റ അളവുകോൽ ഉപയോഗിച്ച് BRAP നിർണ്ണയിക്കുന്നത് യുക്തിപരമല്ലെന്നും, ചെറുതും എന്നാൽ ജനസാന്ദ്രതകൂടിയതുമായ സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്ക് ലഭ്യമാക്കാവുന്ന ഭൂമിയുടെ ദൗർലഭ്യം; താരതമ്യേന കൂടിയ വനവിസ്തൃതി, തീരദേശമേഖല, പാടങ്ങൾ, തണ്ണീർത്തടങ്ങൾ മുതലായ പാരിസ്ഥിതികമായി സംരക്ഷിക്കപ്പെടേണ്ട ഭൂമിയുടെ ആധിക്യം; എന്നിവ പോലുള്ള കേരളം നേരിടുന്ന വേറിട്ട സവിശേഷ സാഹചര്യങ്ങളും, എന്നാൽ വികസന മികവിൽ മുന്നിട്ടു നിൽക്കുന്ന മേഖലകളായ ടൂറിസം, വിവരസാങ്കേതികവിദ്യ, ഭക്ഷ്യസംസ്കരണം, തോട്ടം മേഖല മുതലായവ റാങ്കിങ് മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നതു മൂലവും കേരളം പിന്നിലായി പോകുന്ന റാങ്കിംഗ് മാനദണ്ഡങ്ങളിലെ പോരായ്മകൾ സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനം DPIIT യുടെ ശ്രദ്ധയിൽപെടുത്തിയ വിയോജിപ്പുകളിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. |
| (ഇ) | ടി വിയോജിപ്പുകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ കേന്ദ്രസർക്കാർ | (ഇ) | ഉണ്ട്. 'ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ' (BRAP) എന്ന ഒറ്റ അളവുകോൽ വെച്ച് എല്ലാ സംസ്ഥാനങ്ങളുടെയും നിക്ഷേപ അന്തരീക്ഷം |

| | | | |
|---|---|---|---|
| | എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | ഒരേപോലെ അളക്കുന്നതിലെ പാളിച്ചകളും അപ്രായോഗികതയും കേരളം നിരവധി തവണ കേന്ദ്ര സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി)-ന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമിശാസ്ത്രപരവും ജനസംഖ്യ അധിഷ്ഠിതവും പാരിസ്ഥിതികവുമായ ആവാസവ്യവസ്ഥയിൽ നിന്ന് വ്യത്യസ്ത വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനങ്ങളെ/ കേന്ദ്രഭരണ പ്രദേശങ്ങളെ ഒറ്റ അളവുകോൽ ഉപയോഗിച്ച് BRAP നിർണ്ണയിക്കുന്നത് യുക്തിപരമല്ലെന്നും, ചെറുതും എന്നാൽ ജനസാന്ദ്രതകൂടിയതുമായ സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്ക് ലഭ്യമാക്കാവുന്ന ഭൂമിയുടെ ദൗർലഭ്യം; താരതമ്യേന കൂടിയ വനവിസ്തൃതി, തീരദേശമേഖല, പാടങ്ങൾ, തണ്ണീർത്തടങ്ങൾ മുതലായ പാരിസ്ഥിതികമായി സംരക്ഷിക്കപ്പെടേണ്ട ഭൂമിയുടെ ആധിക്യം; എന്നിവ പോലുള്ള കേരളം നേരിടുന്ന വേറിട്ട സവിശേഷ സാഹചര്യങ്ങളും, എന്നാൽ വികസന മികവിൽ മുന്നിട്ടു നിൽക്കുന്ന മേഖലകളായ ടൂറിസം, വിവരസാങ്കേതികവിദ്യ, ഭക്ഷ്യസംസ്കരണം, തോട്ടം മേഖല മുതലായവ റാങ്കിങ് മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നതു മൂലവും കേരളം പിന്നിലായി പോകുന്ന റാങ്കിംഗ് മാനദണ്ഡങ്ങളിലെ പോരായ്മകൾ സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനം DPIIT യുടെ ശ്രദ്ധയിൽപെടുത്തിയ വിയോജിപ്പുകളിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ